"ഭരണഭാഷ – മാതൃഭാഷ"

നം. എച്ച്3 – 6913/2018

വിദ്യാഭ്യാസ ഉപഡയറക്ടറാഫീസ്, തൃശ്ശൂർ,
തിയ്യതി 4/12/2018, ഫോൺ -0487-2360810
website : www.ddethrissur.org, Email : ddedntsr@gmail.com

പ്രേഷകൻ,

വിദ്യാഭ്യാസ ഉപഡയറക്ടർ,
തൃശ്ശൂർ

സ്വീകർത്താവ്,

1) ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ
2) ജില്ലാ കോ ഓർഡിനേറ്റർ, ഹയർസെക്കണ്ടറി വിഭാഗം
3) റീജിയണൽ ആഫീസർ, വി.എച്ച്.എസ്.ഇ തൃശ്ശൂർ മേഖലാ കാര്യാലയം.

സർ,

വിഷയം: 2018-19 വർഷത്തെ പദ്ധതി പുരോഗതി അവലോകനം 5/12/2018 ന് 2.30 ന് ജില്ലാ പ്ലാനിംഗ് കോൺഫറൻസ് ഹാളിൽ വെച്ച് നടക്കുന്നത് സംബന്ധിച്ച്.

സൂചന: 1) ജില്ലാ പ്ലാനിംഗ് ആഫീസറുടെ 1/12/2018 ലെ 345/2018/ആർ.ഒ 1/ഡി.പി.ഐ
2) ഈ കാര്യാലയത്തിലെ എച്ച്3/6446/2018 നമ്പറില്ലുള്ള പുറത്തെഴുത്ത് തിയ്യതി 3/12/2018.

..................

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന പ്രകാരം 2018-19 വർഷത്തെ വാർഷിക പദ്ധതി നിർവ്വഹണ പുരോഗതി അവലോകനം 5/12/2018 ന് ജില്ലാ പ്ലാനിംഗ് കോൺഫറൻസ് ഹാളിൽ വെച്ച് (ജില്ലാ കളക്ടറേറ്റ് ബിൽഡിംഗിന്റെ പിൻവശം) ഉച്ചക്ക് ശേഷം 2.30 മുതൽ 3.00 മണി വരെയുള്ള സമയത്ത് വിദ്യാഭ്യാസ ഉപഡയറക്ടർ നടത്തുന്നതാണ്. തൃശ്ശൂർ ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ എല്ലാ പ്രധാന അദ്ധ്യാപകരും പ്രിൻസിപ്പാൾമാരും 2.15 ന് തന്നെ പദ്ധതി പുരോഗതി റിപ്പോർട്ടുമായി ഹാജരാകേണ്ടതാണ്. 2.30 വരെയുള്ള സമയവും, 3.00 മണിക്ക് ശേഷമുള്ള സമയവും മറ്റ് ജില്ലാ ആഫീസർമാർക്ക് പദ്ധതി പുരോഗതി അവലോകനം നടത്തുന്നതിനാൽ കൃത്യം 2.15 ന് തന്നെ റിപ്പോർട്ടുമായി ഹാജരാകേണ്ടതാണ്. അന്നേ ദിവസം ഹാജരാക്കേണ്ട പദ്ധതി പുരോഗതി അവലോകന റിപ്പോർട്ടിന്റെ മാതൃക ഇതോടുകൂടി ഇ മെയിൽ ചെയ്യുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)

വിദ്യാഭ്യാസ ഉപഡയറക്ടർ, തൃശ്ശൂർ

പകർപ്പ്:-

1) എല്ലാ പ്രധാനാദ്ധ്യാപകർക്കും (ഉപജില്ലാ/ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ മുഖേന)
2) എല്ലാ ഹയർസെക്കണ്ടറി / വി.എച്ച്.എസ്.ഇ പ്രിൻസിപ്പൽമാർക്കും (എച്ച്.എസ്.എസ് ജില്ലാ കോ-ഓർഡിനേറ്റർ, വി.എച്ച്.എസ്.ഇ റീജിയണൽ ആഫീസർ മുഖേന)

ഇ.ആർ 4/12

Scanned by CamScanner